എസ്.എൻ.ജി.എൽ.പി.എസ്
പട്ടാമ്പി

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-2026

# അക്കാദമിക മാസ്റ്റർപ്ലാൻ

ഗുണമേന്മ വിദ്യാഭ്യാസം

ഉന്നതവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായ രീതിയിൽ വികസിക്കുമ്പോഴേ ഇത് സാധിക്കൂ. ഇതിനായി കൃത്യമായ ഒരു ആസൂത്രണം നമുക്ക് ആവശ്യമാണ്. ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അവസരമൊരുങ്ങുകയുള്ളൂ.

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

പ്രശസ്ത സംസ്കൃത പണ്ഡിതൻ ശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ 1888ൽ "സാരസ്വതോദ്യോതിനി" എന്ന പേരിൽ സംസ്കൃത പഠനം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുന്നതിന് ഇവിടെ തുടക്കം കുറിച്ചു.

1889ൽ കോളേജ് എന്ന രൂപത്തിലേക്ക് വളർന്ന് പാഠ്യപദ്ധതി തയ്യാറാക്കി. 1965വരെ കോളേജ് ഇവിടെ പ്രവർത്തിച്ചു. 1966ൽ പ്രീഡിഗ്രി തുടങ്ങുകയും സയൻസ് വിഷയങ്ങൾ തുടങ്ങിയതോടെ കൂടുതൽ വിസ്തൃതിയുള്ള പുതിയ ക്യാമ്പസിലേക്ക് കോളേജ് മാറ്റപ്പെടുകയും ചെയ്തു.

പിന്നീട് അപ്പർ പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെ തൊട്ടടുത്ത പ്രദേശത്തേക്ക് മാറ്റപ്പെട്ടു. പിന്നീട് പ്രൈമറി തലം (1-4) വരെ ഇവിടെ പ്രവർത്തിക്കാൻ തുടങ്ങി. 2015 മുതൽ പ്രീപ്രൈമറി ക്ലാസുകൾ ഇവിടെ പ്രവർത്തിക്കാൻ തുടങ്ങി. ഇപ്പോൾ 7 ഡിവിഷനുകളിലായി 1-മുതൽ 4 വരെ ക്ലാസുകളും, 2 KG ക്ലാസുകളും ഇവിടെ പ്രവർത്തിക്കുന്നു.

145 വിദ്യാർത്ഥികളും 8 അധ്യാപക
രും, പ്രീപ്രൈമറി വിഭാഗത്തിൽ 52 കുട്ടികളു
ം രണ്ട് അധ്യാപകരുമാണ് 2025-26 വർഷത്തി
ൽ എസ്. എൻ. ജി. എൻ. പി. എസ്
പാഠശാലയിലുള്ളത്. 1 മുതൽ 4 വരെ ക്ലാസുകൾ
എട്ട് ഡിവിഷനുകളിലായാണ് പ്രവർത്തിക്കുന്നത്.
കുട്ടികൾക്ക് കളിക്കുന്നതിനായി വിശാലമായ മൈതാ
നം ഇവിടുണ്ട്. സൗകര്യപ്രദമായ അടുക്കളയും,
ശുചിമുറികളും ഒരുക്കിയിട്ടുണ്ട്.

2025-26 വർഷം മുതൽ ഗവൺ
മെന്റ് മുന്നോട്ട് വെക്കുന്ന "സമഗ്ര ഗുണമേന്മ
വിദ്യാഭ്യാസം" എന്ന ആശയത്തോട് കിടപിടിച്ച്
ഞങ്ങളുടെ സ്കൂളും മികവാർന്ന അക്കാദമിക
പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത്
നടപ്പിലാക്കുന്നത്. ഇതിനായി അധ്യാപകരെ
കൂടാതെ രക്ഷിതാക്കൾ, നാട്ടുകാർ, പി.ടി.എ
ബി. ആർ. സി എന്നിങ്ങനെയുള്ള സംവിധാന
ങ്ങളെല്ലാം തന്നെ പ്രയോജനപ്പെടുത്താൻ
പദ്ധതികൾ ആവിഷ്കരിക്കുന്നു. എല്ലാ
കുട്ടികൾക്കും ഗുണമേന്മ പ്രദമായ വിദ്യാഭ്യാസം
ഉറപ്പാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് തയ്യാറാക്കിയ
ഒരു മാസ്റ്റർ പ്ലാനാണിത്.

പ്രവേശനോത്സവം മുതൽ പഠനോത്സവം വരെ ഓരോ ഘട്ടത്തിലും ഗുണമേന്മ ഉറപ്പാക്കുന്നതിനായി ഓരോ മാസത്തിലും പ്രീടെസ്റ്റുകൾ നടത്താനും പിന്നാക്കക്കാരായ കുട്ടികളെ കണ്ടെത്താനും അവരെ മുന്നോട്ട് നയിക്കാനാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ അസംബ്ലിയിൽ ക്ലാസിലെ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാനും, വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി അസംബ്ലികൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി രക്ഷിതാക്കളെയും, വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ശിൽപ്പശാലകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## കുട്ടികളുടെ പഠനം കൂടുതൽ

ആയാസകരമാക്കുക എന്ന ലക്ഷ്യത്തോടെ രക്ഷിതാക്കൾക്ക് "കുട്ടികളുടെ പഠനം" എന്നഉമായി ബന്ധപ്പെട്ട് ക്ലാസുകൾ നടത്താനും, കുട്ടികളിലെ പഠനവിരസത ഒഴിവാക്കാൻ മാസത്തിലൊരിക്കൽ പുറത്ത് നിന്നും അധ്യാപകർ നയിക്കുന്ന ക്ലാസുകൾ നൽകാനും,

പാഠ്യവിഷയങ്ങളിൽ തനത് [illegible] [illegible] വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസുകൾ നൽകാനും, കുട്ടികൾക്ക് താൽപ്പര്യജനകമായ രീതിയിൽ പഠനത്തെ മുന്നോട്ട് നയിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട്, പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ്, പഠനയാത്ര, പച്ചക്കറിത്തോട്ട നിർമ്മാണം, എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇത് കൂടാതെ കുട്ടികളിലെ പഠന മുന്നേറ്റം മനസ്സിലാക്കുന്നതിനായി ഓരോ മാസവും യൂണിറ്റ് ടെസ്റ്റുകൾ നടത്താനും, കുട്ടികളുടെ നിലവാരം രക്ഷിതാക്കളുമായി പങ്കുവെക്കാനായി CPTA കൾ നടത്താനും ഈ വർഷം ലക്ഷ്യമിടുന്നു. ICT സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനം കൂടുതൽ താൽപ്പര്യജനകമാക്കുന്നതിന്റെ ഭാഗമായി ഓരോ ക്ലാസും ICT പ്രവർത്തനങ്ങൾ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുമുണ്ട്.

"ഓണത്തിനൊരുവട്ടി പൂക്കൾ" എന്ന ലക്ഷ്യത്തോടെ അമ്മമാരുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചെണ്ടുമല്ലി തോട്ടവും, "ഓണസദ്യയിലേക്ക് ഒരു മുറം പച്ചക്കറി"

-ന്ന ലക്ഷ്യങ്ങളോടെ കുട്ടികളുടെ സഹായത്തോടെ നടപ്പാക്കുന്ന പച്ചക്കറിത്തോട്ടവും, ഓരോ മാസത്തിലും കുട്ടികളുടെ പത്രാധിപത്യത്തോടെ ഇറക്കുന്ന "എഴുത്തോല" സ്കൂൾ പത്രവുമെല്ലാം ഈ വർഷത്തെ സ്കൂളിന്റെ തനതു പ്രവർത്തനങ്ങളാണ്. കൂടാതെ പാഠഭാഗങ്ങളിലെ ആശയങ്ങളെ മനസ്സിലാക്കുന്ന നിരവധി പ്രവർത്തനങ്ങൾക്ക് വിവിധ ക്ലാസ്സുകൾ നേതൃത്വം ചെയ്യുന്ന അധ്യാപകർ രൂപം നൽകിയിട്ടുണ്ട്.

ഈ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികളുടെ ഗുണമേന്മ വിദ്യാഭ്യാസം കൈവരിക്കുക എന്ന ഉദ്ദേശത്തെ പൂർത്തീകരിക്കാൻ ഉതകുന്നതാകട്ടെ. 2025-26 അധ്യയന വർഷം എല്ലാവർക്കും ഒരു മികച്ച അധ്യയന വർഷമായി മാറട്ടെ........

| Sl No | അക്കാദമിക പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| 1 | പ്രവേശനോത്സവം | ജൂൺ 2 | അദ്ധ്യാപകർ | പി.ടി.എ SMC |
| 2 | SRG സമിതികൂടൽ | ജൂൺ - മെയ് | അദ്ധ്യാപകർ | |
| 3 | പ്രീടെസ്റ്റ് നടത്തി പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുന്നു. ഇവർക്കാവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അദ്ധ്യാപകർ | |
| 4 | 1-4 ക്ലാസുകളിലെ ICT അനുബന്ധ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു പട്ടികപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5 | പരിസ്ഥിതി ദിനാഘോഷം | ജൂൺ 5 | പരിസ്ഥിതി ക്ലബ്ബ് | |
| 6 | വായനാവാരാഘോഷം | ജൂൺ -19-24 | വിദ്യാരംഗം | |
| 7 | യോഗദിനം | ജൂൺ 21 | അധ്യാപകർ | |
| 8 | ലഹരി വിരുദ്ധദിനം | ജൂൺ 26 | അധ്യാപകർ | |
| 9 | PTA ജനറൽ ബോഡി | ജൂൺ | അധ്യാപകർ | രക്ഷിതാക്കൾ |
| 10 | CPTA | ജൂൺ - മാർച്ച് | അധ്യാപകർ | |
| 11 | വിവിധ ക്ലബ്ബുകൾ രൂപീകരണവും ഉദ്ഘാടനവും. | ജൂലൈ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 12 | ബഷീർ അനുസ്മരണ ദിനം | ജൂലൈ 5 | അധ്യാപകർ | |
| 13 | സ്കൂൾ പാർലമെന്റ് | ജൂലൈ | അധ്യാപകർ | |
| 14 | യൂണിറ്റ് ടെസ്റ്റുകൾ | ജൂലൈ-മാർച്ച് | അധ്യാപകർ | |
| 15 | ഫീൽഡ് ട്രിപ്പ് | ജൂലൈ | അധ്യാപകർ | PTA |
| 16 | കവി പരിചയം | ജൂലൈ-മാർച്ച് | അധ്യാപകർ | |
| 17 | ബാലസഭ | ജൂലൈ-മാർച്ച് | അധ്യാപകർ | |
| 18 | LSS ക്ലാസുകൾ ഉദ്ഘാടനം | ജൂലൈ-ഫെബ്രുവരി | H.M | |
| 19 | സർഗവേള | ജൂലൈ-മാർച്ച് | അധ്യാപകർ | |
| 20 | അറബിക്- അലിഫ് ക്വിസ് | | | |

| | | | | |
|---|---|---|---|---|
| 21 | സ്കൂൾ തല പ്രവർത്തനം<br>* പൂന്തോട്ട നിർമ്മാണം (1, 3, 4 ക്ലാസുകാർ) | ജൂലൈ | കുട്ടികളും അധ്യാപകരും | |
| | * പച്ചക്കറിത്തോട്ടം ( 2ാം ക്ലാസുകാർ) | ജൂലൈ | കുട്ടികൾ | രക്ഷിതാക്കൾ |
| | * സ്കൂൾ പത്രം - പ്രകാശനം | ജൂലൈ-മാർച്ച് | കുട്ടികൾ | അധ്യാപകർ |
| | * "ഓണത്തിന് ഒരുവട്ടി പൂക്കൾ" രക്ഷിതാക്കൾ ചേർന്ന് ചെണ്ടുമല്ലി തോട്ടം നിർമ്മിക്കുന്നു. | ജൂലൈ- | രക്ഷിതാക്കൾ | അധ്യാപകർ |
| | * "ഓണത്തിന് ഒരുമുറം പച്ചക്കറി" രക്ഷിതാക്കൾ ചേർന്ന് പച്ചക്കറി-തോട്ടം നിർമ്മിക്കുന്നു. | ജൂലൈ | രക്ഷിതാക്കൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 22 | [illegible] ഉദ്ഘാടനം | ജൂലൈ | അദ്ധ്യാപകർ | [illegible] |
| 23 | സംയുക്തഡയറി ആരംഭം | ജൂലൈ | അദ്ധ്യാപകർ | രക്ഷിതാക്കൾ |
| 24 | പാട്ടരങ്ങ് | ജൂലൈ | അദ്ധ്യാപകർ | |
| 25 | രക്ഷിതാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശിൽപ്പശാലകൾ | ജൂലൈ | അദ്ധ്യാപകർ | BRC |
| 25 | സഞ്ചയിക പദ്ധതി | ജൂലൈ | അദ്ധ്യാപകർ | |
| 27 | ഹിരോഷിമ, നാഗസാക്കി, ക്വിറ്റിന്ത്യാ ദിനാചരണം. | ആഗസ്റ്റ് 9 | അദ്ധ്യാപകർ | |
| 28 | സ്വാതന്ത്ര്യദിനാഘോഷം | ആഗസ്റ്റ് 15 | " | PTA |

| | | | |
|---|---|---|---|
| 29 കായികമേള (സ്കൂൾ തലം) | ആഗസ്റ്റ് | അദ്ധ്യാപകർ | |
| 30 കലാമേള (സ്കൂൾ തലം) | " | " | |
| 31 ശാസ്ത്രമേള (സ്കൂൾ തലം) | " | " | |
| 32 കർഷകദിനം (കർഷകനെ ആദരിക്കൽ) | " | " | |
| 33 പാദവാർഷിക മൂല്യനിർണ്ണയം | " | " | |
| 34 ഓണാഘോഷം | " | " | PTA |
| 35 ഗണിതശില്പശാല (പഠനോപകരണ നിർമ്മാണം) | ആഗസ്റ്റ് | അധ്യാപകർ | BRC |

| | | | | |
|---|---|---|---|---|
| 36 | തൊഴിലിടം സന്ദർശിക്കൽ | ആഗസ്റ്റ് | അധ്യാപകർ | |
| 37 | നൂതനാശയ പ്രവർത്തനത്തിന്റെ തിരഞ്ഞെടുപ്പ് | ആഗസ്റ്റ് | അധ്യാപകർ | |
| 38 | അധ്യാപകദിനാഘോഷം | സെപ്റ്റംബർ | കുട്ടികൾ | |
| 39 | അഭിമുഖം : ഹരിതകർമ്മസേന അംഗങ്ങൾ. | | | |
| 40 | അഭിമുഖം : കലാകാരന്മാർ | | | |
| 41 | ഗാന്ധിജയന്തി | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| 42 | ബോധവൽക്കരണ ക്ലാസ്: ആരോഗ്യ രംഗത്തെ വിദഗ്ദരെ ഉൾപ്പെടുത്തി-ക്കൊണ്ട്. | ഒക്ടോബർ | അധ്യാപകർ | ആരോഗ്യ വകുപ്പ് |
| 43 | കൃഷിയിടം സന്ദർശിക്കൽ | ഒക്ടോബർ | അധ്യാപകർ | രക്ഷിതാക്കൾ കർഷകർ |
| 44 | പാവനാടകം | ഒക്ടോബർ | ക്ലാസ് അധ്യാപകർ | |
| 45 | ശിശുദിനാഘോഷം | നവംബർ | അധ്യാപകർ | രക്ഷിതാക്കൾ |
| 46 | വായനാകാർഡ് നിർമ്മാണ ശില്പശാല | നവംബർ | അധ്യാപകർ ക്ലബ് | രക്ഷിതാക്കൾ |
| 47 | രചനോത്സവം: ഉദ്ഘാടനം | നവംബർ | അധ്യാപ-കർ. ക്ലബ്:1 | രക്ഷിതാ ക്കൾ |

| | | | | |
|---|---|---|---|---|
| 48 | കഥാപതിപ്പ് പ്രകാശനം | നവംബർ | കുട്ടികൾ | അധ്യാപകർ |
| 49 | ഗണിത മാഗസിൻ പ്രകാശനം | നവംബർ | ഗണിത ക്ലബ്ബ് | അധ്യാപകർ |
| 50 | പലഹാരമേള | നവംബർ | അധ്യാപകർ | കുട്ടികൾ |
| 51 | കഥാസന്ദർഭങ്ങളുടെ നാടകീകരണം. | നവംബർ | അധ്യാപകർ ക്ലാസ്: 4 | കുട്ടികൾ |
| 52 | വ്യക്തിഗത മാഗസിൻ നിർമ്മാണം | ഡിസംബർ | അധ്യാപകർ ക്ലാസ്: 2 | കുട്ടികൾ |
| 53 | മഴപ്പതിപ്പ് പ്രകാശനം | ഡിസംബർ | അധ്യാപകർ ക്ലാസ്: 3 | കുട്ടികൾ |

| | | | | |
|---|---|---|---|---|
| 54 | പാട്ടും വരയും : ചിത്ര പ്രദർശനം | ഡിസംബർ | അധ്യാപകർ ക്ലാസ് 3 | |
| 55 | പഠനയാത്ര | ഡിസംബർ | അധ്യാപകർ | PTA |
| 56 | അർദ്ധവാർഷിക മൂല്യനിർണ്ണയം | ഡിസംബർ | അധ്യാപകർ | |
| 57 | ക്രിസ്തുമസ് ആഘോഷം | ഡിസംബർ | അധ്യാപകർ | PTA |
| 58 | ശാസ്ത്രപതിപ്പ് പ്രകാശനം | ജനുവരി | ശാസ്ത്രക്ലബ്ബ് | അധ്യാപകർ |
| 59 | പത്ര പ്രകാശനം ക്ലാസ് 1 | ജനുവരി | അധ്യാപകർ ക്ലാസ് : 1 | രക്ഷിതാക്കൾ |
| 60 | കഥാനാദവം | ജനുവരി | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 61 | ഇംഗ്ലീഷ് ഫെസ്റ്റ് | ഫെബ്രുവരി | കുട്ടികൾ | അധ്യാപകർ |
| 62 | എൽ. എസ്. എസ് മോഡൽ പരീക്ഷ | ഫെബ്രുവരി | അധ്യാപകർ | പി.ടി.എ |
| 63 | വാർഷികാഘോഷം | മാർച്ച് | അധ്യാപകർ | പി.ടി.എ SMC |
| 64 | പഠനോത്സവം | മാർച്ച് | കുട്ടികൾ | അധ്യാപകർ |
| 65 | വാർഷികമൂല്യനിർണ്ണയം | മാർച്ച് | അധ്യാപകർ | |